**അവന്റെയും അവളുടെയും പ്രണയം**

അന്ന് മങ്കാവുടി പഞ്ചായത്തായിരുന്നു.

വടക്ക് ആലുവായ്ക്ക് പോകുന്ന പർവ്വതനിരകളുടെ പനിനീരായ പെരിയാറും, തെക്ക് മൂന്ന് ആറുകൾ കൂടി പുഴയാകുന്ന നഗരവും, കിഴക്ക് മല നിരകളും കാപ്പിയും തേയിലയും കുരുമുളകും ഏലം മണക്കുന്ന കുളിർ തെന്നലും, പടിഞ്ഞാറ് പെരുമ്പാമ്പൂരും.......

തെളി നീരൊഴുകുന്ന പുഴ. പുഴയിലേക്ക് ഒഴുകിയെത്തുന്ന അരുവികളും തോടുകളും, തോട്ടിറമ്പുകളിൽ നെൽപ്പാടങ്ങളും, തെങ്ങിൻ തോപ്പുകളും, തലയുയർത്തി സൂര്യനെ കാണുന്ന കമുകുകളും മാവുകളും, പ്ലാവുകളും. വേലികളും വേലിപ്പടർപ്പുകളും തൊണ്ടുകളും, ഇടവഴികളും, ഇടവഴികളിൽ രാത്രി സഞ്ചാരികളായ പെരുച്ചാഴികളും, കീരികളും, ഇളവെയിൽ കായുന്ന ചേരപ്പെണ്ണുങ്ങളും, അവരെ ഒളിഞ്ഞ് കാണുന്ന മൂർഖൻ യുവാക്കളും. ഓരിയിട്ട് നാടൻ കോഴികളെ തേടിയെത്തുന്ന കുറുക്കന്മാരും, കുറുക്കൻ കല്യാണങ്ങൾ നടത്താൻ വെയിൽ മഴകളും, മകരമഞ്ഞും കർക്കിടക മഴയും ഞാറ്റുവേലയും തേക്കുപാട്ടും......

പള്ളിപ്പെരുന്നാളുകളും, ഉത്സവങ്ങളും, മഞ്ഞ് നനഞ്ഞു കൊണ്ടുള്ള ഉത്സവകാഴ്ചകളും, തുമ്മലും ചീറ്റലും മൂക്കു പിഴിച്ചിലും ജലദോഷവും.......

മങ്കാവുടിക്കാർക്ക് പഠിക്കാൻ സ്വന്തമായിട്ട് കോളേജുകളും സ്കൂളുകളും ഉണ്ട്. ഇംഗ്ലീഷ് പഠിപ്പിക്കാൻ തരകൻ സാറും രാധാകൃഷ്ണൻ സാറും, മലയാളം പഠിപ്പിക്കാൻ പികെബി സാറും കർത്താവു സാറും ഉണ്ടായിരുന്നു.

അവനും അവളും പ്രീഡിഗ്രിക്കെത്തിയതായിരുന്നു.

അവന് പതിനേഴ് വയസ്സും അവൾക്ക് പതിനെട്ടും.

അവൻ ഹിന്ദുവും അവൾ ക്രിസ്ത്യാനിയും.

എന്നിട്ടും അവൻ മന്ത്രിച്ചു.

ദേവി, ശ്രീദേവി തേടി വരുന്നു ഞാൻ, നിൻ ദേവാലയ വാതിൽ തേടി വരുന്നു ഞാൻ.....

പക്ഷെ, അവന്റെ തേടിവരവ് അവൾക്ക് കാണാൻ കഴിഞ്ഞില്ല. അവൾ, പാവാടയും ബ്ലൗസ്സും ഡാവിണിയും അണിഞ്ഞ സുന്ദരിക്കുട്ടി, സ്നേഹിതകളുടെ ഇടയിൽ ആരാലും ശ്രദ്ധിക്കപ്പെടല്ലേയെന്ന് ചിന്തിച്ച് നിലം നോക്കി നടക്കുകയായിരുന്നു. അവനോ സുന്ദരന്മാരായ കാഴ്ചക്കാർക്കിടയിൽ ഒറ്റ മുണ്ടും നീല നിറത്തിലുള്ള ഷർട്ടുമിട്ട് കോളേജ് കവാടത്തിൽ നിൽക്കുകയായിരുന്നു. എന്നും അങ്ങിനെ തന്നെയായിരുന്നു. അന്ന് അങ്ങിനെയൊക്കെ നിൽക്കാനേ ഇടമുണ്ടായിരുന്നുള്ളൂ. അല്ലാത്തിടത്തൊക്കെ ചാരക്കണ്ണുകളുമായിട്ട് അദ്ധ്യാപകർ പരതി നടന്നിരുന്നു. കാരണമുണ്ട്, എ പ്ലസ് ബി ദി ഓൾ സ്ക്വൊയേർഡ് ഈസ് ഈക്വൽ ടു എ സ്ക്വൊയേർഡ് പ്ലസ് ബീ സ്ക്വൊയേർഡ് പ്ലസ് ടു ഏബിയെന്ന് ഉത്തരം കണ്ടെത്തുന്ന മാത്തുകുട്ടി സാർ, ഊർജ്ജതന്ത്രം പഠിപ്പിക്കാനെത്തിയ മേഴ്സി ടീച്ചറെ പ്രകൃതി ധർമ്മപ്രകാരമുള്ള കൂട്ടു ജീവിതം കെട്ടിപ്പടുക്കാൻ കൈപിടിച്ച് കൊണ്ടു പോയത് കാമ്പസിൽ നിന്നാണ്. വരാന്തയിലൂടെ അടുത്തടുത്ത ക്ലാസ്സുകളിലേക്ക് പോകുമ്പോൾ കണ്ടും കേട്ടും മനസ്സറിഞ്ഞും പറഞ്ഞും പ്രണയിച്ചുമാണ്. അതിൽ നിന്ന് മറ്റ് അദ്ധ്യാപകർക്ക് അസൂയും മുളച്ചിരുന്നു.

അന്നൊരിക്കൽ, അവൻ രസതന്ത്ര റെക്കോർഡ് ബുക്കിന്റെ അവസാന താളിൽ എഴുതി.

മാണിക്ക വീണയുമായെൻ മനസ്സിന്റെ താമരപ്പൂവിലുണർന്നവളെ, പാടുകില്ലെ വീണമീട്ടുകില്ലേ നിന്റെ വേദനയെന്നോട് ചൊല്ലുകില്ലേ.....

അവൾ അത് കണ്ടില്ല. രസതന്ത്ര അദ്ധ്യാപകൻ കണ്ടെത്തി ക്ലാസ്സിൽ വന്ന് അവനെ എഴുന്നേൽപ്പിച്ച് നിർത്തി, മാണിക്ക വീണ മനോഹരമായി പാടി. ക്ലാസ്സിലെ കുട്ടികൾക്ക് മനസ്സിലായി ദാസ് സാറ് ആ ഗാനം ഈ കാമ്പസ്സിൽ തന്നെ പാടി നടന്നിട്ടുണ്ടെന്ന്.

പക്ഷെ, പിന്നീട് ദാസ് സാർ ഉറഞ്ഞ് തുള്ളുന്നതാണ് കണ്ടത്.

നിനക്കെഴുതാൻ കെമിസ്ട്രി ബുക്കേ കിട്ടിയുള്ളൂ... ബയോളജിയുടെ, അല്ലെങ്കിൽ സുവോളജിയുടെ ബുക്കിൽ എഴുതാൻ പാടില്ലായിരുന്നോ.....

അവൻ മുഖ മുയർത്തി നോക്കി.

അതു മതിയായിരുന്നു. പ്രണയത്തിന് ബയോളജിയും സുവോളജിയുമായിട്ടാണ് കൂടുതൽ ചേർച്ചയുള്ളത്. പക്ഷെ, എഴുതിയപ്പോൾ പ്രണയത്തിന്റെ രസതന്ത്രമെന്ന പഴമൊഴി ഓർമ്മിച്ചു പോയി. ഒഴിവാക്കാമായിരുന്നു. അവൻ ചിന്തിച്ചതേയുള്ളൂ, പറഞ്ഞില്ല.

ഒന്നും പറയാതെ തന്നെ ശിക്ഷ കിട്ടി. പകുതിയോളം എഴുതിക്കഴിഞ്ഞ റെക്കോർഡ് ബുക്ക് മാറ്റിയെഴുതുക. അവൻ രണ്ടു തുള്ളി കണ്ണീർ പൊഴിച്ചു. ലാബിൽ വരുമ്പോൾ എല്ലാവരും ചെരുപ്പ് ധരിക്ക്യണമെന്ന് നിഷ്ക്കർഷിച്ചത് ദാസ് സാറായിരുന്നു, ക്ലാസ്സ് തുടങ്ങി മാസങ്ങൾ കഴിഞ്ഞിട്ടും അവന് അതിന് കഴിഞ്ഞിരുന്നില്ല. ഇപ്പോൾ രണ്ടാമതും റെക്കർഡ് ബുക്ക് വാങ്ങേണ്ടി വന്നിരിക്കുന്നു. അവൻ നിറ കണ്ണുകളോടെ ദാസ് സാറിനെ നോക്കി, സഹപാഠികളെ നോക്കി, നിസ്സഹായനായി തലകുനിച്ചിരുന്നു. ദാസ് സാറിന് അവന്റെ കലങ്ങിയ കണ്ണിന്റെ ഉള്ളിലേക്ക് കാണാൻ കഴിഞ്ഞില്ല. എന്നാൽ സഹപാഠികൾക്ക് കഴിഞ്ഞു. പുതിയ റെക്കോർഡ് ബുക്കും വള്ളിച്ചെരുപ്പും കിട്ടി.

അന്ന് അവന്റെ മോഹങ്ങൾ മരവിച്ചില്ല, മോതിരക്കൈ മുരടിച്ചുമില്ല. മനസ്സ് ഉണർന്നു തന്നെയിരുന്നു.

ദാസ് സാറിന്റേതും പ്രണയ വിവാഹമായിരുന്നു. അതും പ്രീഡിഗ്രിക്ക് പഠിക്കാൻ വന്ന കൊച്ചുറാണിയുമായിട്ട്. കൊച്ചുറാണി പിപ്പറ്റു കൊണ്ട് ടെസ്റ്റ് ട്യൂബിലേക്ക് സൽഫ്യൂരിക്കാസിഡ് ഒഴിക്കുന്ന കൃത്യത കണ്ട്, ആ സമയത്തെ മുഖത്തിന്റെ ശാലീനത കണ്ട് മയങ്ങി വീഴുകയായിരുന്നു. അവരുടേത് ഒരു നീണ്ട ഒരു പ്രണയമായിരുന്നു. കൊച്ചുറാണി പ്രീഡിഗ്രി കഴിഞ്ഞ്, നേഴ്സായി രണ്ടു വർഷത്തിന് ശേഷമാണ് വിവാഹം സംഭവിച്ചത്. അതിനായിട്ട് ദാസ് സാർ നിരാഹാരവും നിസ്സഹകരണ സമീപനങ്ങളും നടത്തിയിരുന്നു. അവന്റെ പൂർവ്വികർ കാമ്പസ്സിന്റെ ചുവരുകളിൽ അവരെക്കുറിച്ച് എഴുതിയത് ഇന്നും മാഞ്ഞു പോകാതെ നിലനിൽക്കുന്നുമുണ്ട.്

അവൻ, മാണിക്ക വീണയുമായെൻ മനസ്സിന്റെ താമരപ്പൂവിലുണർന്നവളെയെന്ന് എഴുതിയെങ്കിലും അവളോട് തന്റെ പ്രണയം പറയുന്നതിനുള്ള ധൈര്യം കിട്ടിയില്ല. അവൾ ഒന്നുമറിയാതെ സന്തോഷവതിയും

ഉല്ലാസവതിയും സുസ്മേര വദനയുമായി എന്നും അവന്റെ മുന്നിലൂടെ നടന്നു. അങ്ങിനെ അഴലുമ്പോഴും അവന്റെ മനസ്സിൽ മറ്റൊരു ഗാനം പൂത്ത് വിരിഞ്ഞു നിന്നു.

അന്നു നിന്നെ കണ്ടതിൽ പിന്നെ അനുരാഗമെന്തെന്ന് ഞാനറിഞ്ഞു, അതിനുള്ള വേദന ഞാനറിഞ്ഞു........

കാൽ നഖങ്ങൾ മനോഹരമായി വെട്ടി, ചകിരിയുരച്ച് മിനുക്കി വള്ളിച്ചെരുപ്പിട്ടപ്പോൾ അവൻ കൂടുതൽ സുന്ദരനായെന്ന് അഭിമാനം കൊണ്ടു. അവൾ നിലത്ത് നോക്കി നടക്കുമ്പോൾ അവന്റെ പാദ മനോഹാരിത കാണുമെന്നാണ് വിവക്ഷ. അവനെന്നും കാമ്പസ് കവാടത്തിൽ കൂട്ടത്തോടൊപ്പം നിന്നു.

കല്ലോലിനി, വന കല്ലോലിനി നിൻ തീരത്തു വിടരും ദുഃഖ പുഷ്പങ്ങളെ താരാട്ടു പാടിയുറക്കൂ, ഉറക്കൂ....

വേണ്ടതായിരുന്നു. പക്ഷെ, നൂറായിരം ചെടികളും വള്ളിപ്പടർപ്പുകളും പൂക്കളും കായ്ക്കളും തഴച്ചു വളർന്നു നിൽക്കുന്ന തീരത്തു നിന്ന് അവളെങ്ങിനെ അവനെന്ന ശോകസൂനത്തിനെ മാത്രം കണ്ട് പാടിയുറക്കും....... അവളാണെങ്കിൽ നിലം നോക്കി ഒതുങ്ങി, മന്ദംമന്ദം ഒഴുകി താഴേക്ക് പോകുന്ന വനകല്ലോനി, അവന്റെ ഹൃദയവാഹിനി ആണെങ്കിലും....

ഹൃദയവാഹിനി ഒഴുകുന്നു നീ, മധുരസ്നേഹ തരംഗിണിയായി, കാലമാമാകാശ ഗോപുര നിഴലിൽ കല്പനതൻ കളകാഞ്ചികൾ ചിന്നി....

പലപ്പോഴും തൊട്ടു തൊട്ടില്ല, തൊട്ടു തൊട്ടില്ല എന്നപോലെ അവനരികിലൂടെ കടന്ന് പോയിട്ടുണ്ട്, അവന്റെ തരളിത ഹൃദയം പൂത്തു വിരിഞ്ഞിട്ടുണ്ട്, എന്നാലും ഒന്നും പറയാൻ കഴിഞ്ഞില്ല.

ഭയം, വിറയൽ, വിയർക്കൽ....

കൂട്ടുകാർ അവനെ പരിഹസിച്ചു, പിന്നെ ഉപദേശിച്ചു. മനസ്സിന് ആരോഗ്യം കിട്ടാൻ പല പൊടിക്കൈകളും ഉപദേശിച്ചു. അവന്റെ ലോല ഹൃദയം അതൊന്നും ഉൾക്കൊള്ളാൻ കൂട്ടാക്കിയില്ല. മനമുറച്ച്, ഭയമകന്ന് അവൾക്ക് അരുകിൽ എത്താൻ കഴിയാതെ വേദനിച്ചു.

ഞാൻ നിന്നെ പ്രേമിക്കുന്നു മാൻ കിടാവേ, മെയ്യിൽ പാതി പകുത്തു തരൂ, മനസ്സിൽ പാതി പകുത്തു തരൂ മാൻ കിടാവേയെന്ന് മനസ്സ് കേണുകൊണ്ടിരുന്നു.

വലിയ വൈതരണിയായി നിൽക്കുന്നത് അവൾ സ്വന്തം ക്ലാസ്സിലല്ലെന്നതാണ്. ക്ലാസ്സിൽ സുന്ദരികളില്ലായിരുന്നതു കൊണ്ടല്ല, അവനോട് ചങ്ങാത്തം കൂടാൻ ആരും തയ്യാറാകില്ലെന്ന് തെറ്റിദ്ധരിച്ചിട്ടുമല്ല. അവന്റെ മനസ്സ് ആദ്യ ദർശനത്തിൽ തന്നെ അവളിൽ ഉറഞ്ഞു പോയി.

പ്രേമഭിക്ഷുകി, ഭിക്ഷുകി ഏതു ജന്മത്തിൽ, ഏതു സന്ധ്യയിൽ എവിടെ വച്ചു നാം കണ്ടു..... ആദ്യമായി എവിടെ വച്ചു നാം കണ്ടു.....

കഴിഞ്ഞ ജന്മത്തിലാണോ, ജന്മാന്തരങ്ങൾക്ക് മുമ്പാണോ......

അതുവേണ്ട, കെമിസ്ട്രിയും ഫിസിക്സും അതിനെ അനുകൂലിക്കുന്നില്ല, ബയോളജിയും സുവോളജിയും അനുകൂലിക്കുന്നുണ്ടോ.... അറിയില്ല.... അതിന് എന്തെങ്കിലും പഠിച്ചിട്ടുണ്ടോ... കോളേജിൽ എത്തിയിട്ട് ഒന്നര വർഷം കഴിഞ്ഞിരിക്കുന്നു....

കണ്ണടച്ചാൽ നീയാണു സന്ധ്യേ, കൺ തുറന്നാലും നീയാണു സന്ധ്യേ, ചെമ്മാനം പൂത്തു നിൽക്കുമ്പോൾ വേറെന്തു കാണും ഞാൻ.....

അവൻ കവിതയെഴുതിത്തുടങ്ങിയോ.....

കവിതയെഴുതിയാലും ഇല്ലെങ്കിലും സൂര്യൻ വെടിഞ്ഞ താമരപോലെ തളർന്ന് ക്ലാസിലെ ഡെസ്കിൽ തലകുമ്പിട്ട് കിടന്ന അവനെ സഹപാഠികൾ സഹായിക്കാൻ തയ്യാറായി. ക്ലാസ്സിൽ അപ്പോൾ അതിമോഹനമായൊരു പ്രണയം പുഷ്പിക്കാറായി നിൽക്കുന്ന സമയം, നിർമ്മലയുടേയും സുകുമാരന്റേയും. പ്രീഡിഗ്രി കഴിഞ്ഞ് അവർ കൂട്ടു ജീവിതം തുടങ്ങി. വീട്ടുകാർ തന്നെ നടത്തിക്കൊടുത്തു. പക്ഷെ, സഹപാഠികളെ ആരെയും അറിയിക്കുകയോ സദ്യകൊടുക്കുകയോ ചെയ്തില്ല. അതെന്തെന്ന് ചോദിച്ചാൽ ഇന്നത്തെപ്പോലെ വിവാഹങ്ങൾ ഉത്സവങ്ങളായിരുന്നില്ലെന്നെ അനുമാനിക്കനാകൂ.

അവനെ സഹായിക്കണമെന്ന് തീരുമാനിച്ചത് സഹപാഠികൾ ഏകകണ്ഠമായിട്ടാണ്. റെയിച്ചലിനെ ദൂത് ദൗത്യം ഏൽപ്പിച്ചതും. ഹംസമായി പോയ റെയിച്ചലിന്റെ കൂടെ അവൾ അവന്റെ അടുത്തേക്ക് വന്നു. കലപില

ശബ്ദങ്ങളാൽ മുഖരിതമായിരുന്ന ക്ലാസ്സ് നിശ്ശബ്ദമായി. രാജകുമാരിയുടെ എഴുന്നള്ളത്തുപോലെ അവരതിനെ കണ്ടു, സ്വീകരിച്ചു.

ചക്രവർത്തിനി നിനക്കു ഞാനെന്റെ ശില്പ ഗോപുരം തുറന്നു, പുഷ്പ പാദുകം പുറത്ത് വയ്ക്കു നീ, നഗ്ന പാദയായ് അകത്തു വരൂ....

അവൾ മനസ്സിന്റെ എല്ലാ ആടകളും അഴിച്ചു വച്ച് അവന്റെ ഹൃദയ ഗോപുരത്തിലേക്ക് ചേക്കേറുന്നത് സഹപാഠികൾ നോക്കി നിന്നു, കൈയ്യടിച്ചു, ആമോദം കൊണ്ടു.

പ്രിയതമാ, പ്രണയലേഖനമെങ്ങിനെയെഴുതണം മുനികുമാരികയല്ലേ, ഞാനൊരു മുനികുമാരികയല്ലേ.....

മുനികുമാരികയാണെങ്കിലും പിന്നീട് കണ്ടത് നൂറേക്കർ വരുന്ന കോളേജ് കാമ്പസ്സിനുള്ളിൽ ചാരക്കണ്ണുകളില്ലാത്ത വൃക്ഷച്ചുവടുകളിൽ, ചുമർ മറവുകളിൽ നസീറും ഷീലയുമായി, ഇണക്കുരുവികളെപ്പോലെ പറന്നു കളിക്കുന്നതാണ്. സ്നേഹിതർ ദൗത്യം ഭംഗിയായി നിർവ്വഹിച്ചു എന്ന ചാരിതാർത്ഥ്യത്തോടെ അവരെ വിട്ട് അടുത്ത സമസ്യയിലേക്ക് നീങ്ങി.

പച്ചിലയും കത്രികയും പോലെ, പട്ടുനൂലും പവിഴവും പോലെ......

അവിടുന്നെൻ ഗാനം കേൾക്കാൻ ചെവിയോർത്തിട്ടരുകിലിരിക്കെ, സ്വരരാഗ സുന്ദരിമാർക്കോ വെളിയിൽ വരാൻ എന്തൊരു നാണം.....

കായാമ്പൂ കണ്ണിൽ വിടരും, കമലദളം കവിളിൽ വിടരും, അനുരാഗവതി നിൻ ചൊടികളിൽ നിന്നാലിപ്പഴം പൊഴിയും.......

ഒരു ദിവസം അവളുടെ ക്ലാസ്സ് മുറിയുടെ ചുമരുകളിൽ അവരെക്കുറിച്ചുള്ള കഥകൾ ആലേഖനം ചെയ്യപ്പെട്ടപ്പോൾ സത്യത്തിൽ സ്നേഹിതർ, അദ്ധ്യാപകർ സ്തംപിച്ചു പോയി. അവരുടെ സ്തംപനാവസ്ഥ കൊണ്ട് കഥയൊടങ്ങുന്നില്ലല്ലോ...... ലേഖനങ്ങൾ ചരിത്രമായി നിലനിൽക്കുമെന്ന് അവർക്കും, പലർക്കും അറിവുള്ളതായിരുന്നു.

അവൻ വീണ്ടും ശിക്ഷിക്കപ്പെട്ടു.

വിധികർത്താക്കളായിട്ട്, ആരാച്ചാരന്മാരായിട്ട് മാത്തുക്കുട്ടി സാറും, ദാസാറും നോക്കി നിൽക്കെ അവൻ ലേഖിതമായിരുന്നതെല്ലാം കുമ്മായം പൂശി വെളുപ്പിച്ചു. അവരെ ചരിത്രത്തിൽ നിന്നും മറച്ചു വച്ചു.

അരാഷട്രീയവാദികളും മൂരാച്ചികളും, കുതികാൽവെട്ടികളും ആരവമുയർത്തി കാമ്പസിനെ മറിച്ചു വയ്ക്കാൻ തയ്യാറായി മാത്തുക്കുട്ടി സാറിനും ദാസാറിനും പിന്നിൽ അണിനിരന്ന്, അവനെ ക്രൂശിതനാക്കി പുറത്തേക്ക് കൊണ്ടു വന്നപ്പോൾ ആണ് അവർ ശരിക്കും ഞെട്ടിപ്പോയത്. അവന്റെ സഹപാഠികൾ കാമ്പസ്സ് ചുവരുകളെല്ലാം വെള്ളപൂശുകയായിരുന്നു, എല്ലാ ചരിത്രങ്ങളും അവിടെ ഇല്ലായ്മ ചെയ്യപ്പെടുകയായിരുന്നു.

ഒന്നിനി ശ്രുതി താഴ്ത്തി പാടുക പൂങ്കുയിലേ, എന്നോമൽ ഉറക്കമായി ഉണർത്തരുതേ...

മങ്കാവുടി ശൈത്യം കഴിഞ്ഞ് വേനൽ ചൂടിലേക്ക് നീങ്ങവെ കാമ്പസ്സിൽ പരീക്ഷക്കാലമായി. വേവലാതികളൊന്നുമില്ലാതെ പരീക്ഷയെഴുതിയിരുന്നവർ കുറവാണെന്ന് അന്തഃരീക്ഷം വിളിച്ചറിയിക്കുന്നുണ്ടായിരുന്നു. എഴുതാനൊന്നുമില്ലാത്തതുകൊണ്ടും, എഴുതാൻ അധികമുള്ളതു കൊണ്ടും വേവലാതി ഉണ്ടാകാം. അവൻ ഏതിൽ വരുമെന്ന്, അവൻ പോലും ചിന്തിച്ചില്ല. അവൾക്ക് അത് ചിന്തിക്കേണ്ട കാര്യവുമില്ലായിരുന്നു.

പരീക്ഷ അവസാനിക്കുന്ന ദിവസം അവൾ പറഞ്ഞു.

എന്റെ വിവാഹമാണ്, ഈസ്റ്റർ കഴിഞ്ഞ് വരുന്ന ഞായറാഴ്ച.

അവനൊന്നും മനസ്സിലാകാതെ നിന്നു.

വരനാരാണെന്ന് അറിയണ്ടേ.... കാളവയൽ കരാറുകാരൻ പീലിയുടെ മകൻ പോള്.....

ഇരുൾ മണ്ണിൽ നിന്ന് മുകളിലേക്ക് പടർന്നുകയറുന്നത് അവൻ കണ്ടു. സന്ധ്യ പോലും മങ്ങിയിരുന്നു.

വെറുതെ ഞാനെന്തിന് എരിയും വെയിലത്ത്.....

കയിലുകുത്തി നടന്നത് അവന്റെ തെറ്റു കൊണ്ടായിരുന്നോ, അവൾ ക്ഷണിച്ചിട്ടായിരുന്നോ....

നെഞ്ചെരിഞ്ഞുയരുന്ന പുക കണ്ട് ലോകം പുഞ്ചിരിയാണെന്ന് പറഞ്ഞു, അങ്ങിനെ യല്ലെന്ന് അവൾക്കറിയാമായിരുന്നെങ്കിലും.

കാട്ടിലെ പാഴ്മുളം തണ്ടിൽ നിന്നും പാട്ടിന്റെ പാലാഴി തീർത്തവളെ നിനക്കായി സർവ്വവും ത്യജിച്ചൊരു ദാസൻ വിളിക്കുന്നു, നിന്നെ വിളിക്കുന്നു....

പക്ഷെ, ത്യജിക്കാൻ നിനക്കെന്താണുള്ളതെന്ന് ആരെങ്കിലും ചോദിച്ചാൽ.....

ചോദിക്കാതെ തന്നെ അവൻ ഉത്തരം കണ്ടെത്തി.

ഒന്നുമില്ലാത്തവൻ....

പ്രാണസഖീ, ഞാൻ വെറുമൊരു പാമരനാം പാട്ടുകാരൻ.....

അതവളെ വേദനപ്പെടുത്തി, അശക്തയാക്കി. നിസ്സഹായ ആയി തിരിഞ്ഞു നോക്കിക്കൊണ്ട്, വീണ്ടും വിണ്ടും നോക്കിക്കൊണ്ട് അവന്റെ സ്വപ്ന ഗോപുരത്തിൽ നിന്നും അവൾ പുറത്തു കടന്നു.

അവന്റെ ഹൃദയതന്ത്രികൾ മുറുകി, ബോധധമനികളിൽ രക്തപ്രവാഹംമേറി.....

എങ്കിലും ഒരു പഴുത് കണ്ടെത്താനാകുമെന്ന് കരുതി മങ്കാവുടിയിലെ കാളവയലിൽ കച്ചവട ദിവസം അവൻ പരതി നടന്നു. കൈപ്പത്തിക്ക് മുകളിൽ തോർത്തിട്ട് കച്ചവടം ഉറപ്പിക്കുന്ന പോളിനെ, അവന്റെ അപ്പൻ പീലിയെ കണ്ടു. അവരുടെ ദേഹ ഉറപ്പുകളും, മനശ്ശക്തിയും, ധന വലിപ്പവും അറിഞ്ഞ് മടങ്ങി.

സ്വപ്നങ്ങളെ വീണുറങ്ങൂ... മോഹങ്ങളെ ഇനിയുറങ്ങൂ... ചപല വ്യാമോഹങ്ങൾ ഉണർത്താതെ....

ഈസ്റ്റർ കഴിഞ്ഞുള്ള ഞായറാഴ്ച, പുത്തൻ പള്ളിയിലെ അൾത്താരയിൽ വച്ച് അവളുടെ തലയിൽ പോള് മന്ത്രകോടി ചാർത്തുന്നത് അവൻ കണ്ടു നിന്നു.

മംഗളം നേരുന്നു ഞാൻ മനസ്വിനി, മംഗളം നേരുന്നു ഞാൻ..... അലിഞ്ഞു ചേർന്നതിൻ ശേഷമെൻ ജീവനെ പിരിഞ്ഞു പോയ് നീയെങ്കിലും മംഗളം നേരുന്നു ഞാൻ....

@@@@@